**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2072** **11-10-2021 - ൽ മറുപടിയ്ക്ക്**

**കുണ്ടറ താലൂക്ക് ആശുപത്രിയിലെ തസ്തികവിന്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ താലൂക്ക് ആശുപത്രിയിലെ തസ്തികവിന്യാസം വ്യക്തമാക്കാമോ; | (എ) | കുണ്ടറ താലൂക്കാശുപത്രിയിലെ തസ്തിക വിന്യാസം ചുവടെ ചേർക്കുന്നു, സിവിൽ സർജൻ 2 അസിസ്റ്റന്റ് സർജൻ 4 ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) 1 ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) 1 ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) 2 ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) 1 അസിസ്റ്റന്റ് ഡെന്റൽ സർജൻ 1 സീനിയർ നഴ്സിംഗ് ഓഫീസർ 1 നഴ്സിംഗ് ഓഫീസർ 6 നഴ്സിംഗ് അസിസ്റ്റന്റ് 1 ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 1 പാർട്ട് ടൈം സ്വീപ്പർ 1 ഫാർമസിസ്റ്റ് 2 ഡെന്റൽ ഹൈജീനിസ്റ്റ് 1 ഒപ്റ്റോമെട്രിസ്റ്റ് 1 ലാബ് ടെക്നീഷ്യൻ 3 ഹെൽത്ത് സൂപ്പർവൈസർ 1 പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ 1 ഹെൽത്ത് ഇൻസ്പെക്ടർ 1 പബ്ലിക് ഹെൽത്ത് നഴ്സ് 1 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 2 ജെ.പി.എച്ച്.എൻ 3 ക്ലർക്ക് 2 ഓഫീസ് അറ്റൻഡന്റ് 1 ഡ്രൈവർ 1 ആകെ 42 |
| (ബി) | പ്രസ്തുത ആശുപത്രിയിൽ ഏതൊക്കെ ഒ.പി. വിഭാഗങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും ഓരോ വിഭാഗത്തിലും ഏത്രവീതം ഡോക്ടർമാരെയാണ് നിയമിച്ചിട്ടുള്ളതെന്നും ഒരു ദിവസത്തെ ശരാശരി ഒ.പി. എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | കുണ്ടറ താലൂക്കാശുപത്രിയിൽ ജനറൽ ഒ.പി, ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ഗൈനക്കോളജി, ഡെന്റൽ എന്നീ 5 വിഭാഗം ഒ.പി പ്രവർത്തിച്ചുവരുന്നു. ജനറൽ ഒ.പി 6 ഡോക്ടർ ഗൈനക്കോളജി 3 ഡോക്ടർ (അനസ്തേഷ്യ) ഉൾപ്പെടെ ജനറൽ മെഡിസിൻ 1 ഡോക്ടർ പീഡിയാട്രിക്സ് 1 ഡോക്ടർ ദന്തൽ 1 ഡോക്ടർ കോവിഡിന് മുമ്പ് പ്രതിദിനം ശരാശരി 900 മുതൽ 1000 പേരും ഇപ്പോൾ പ്രതിദിനം ശരാശരി 500 മുതൽ 600 പേരും ചികിത്സക്കായി ടി ആശുപത്രിയിൽ ഒ.പി.യിൽ എത്തിച്ചേരുന്നുണ്ട്. |
| (സി) | ഓപ്പറേഷൻ തീയറ്ററുകൾ, ഡയാലിസിസ് യൂണിറ്റുകൾ, ഐ.സി.യു. എന്നിവ എത്ര എണ്ണം വീതം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | കുണ്ടറ താലൂക്കാശുപത്രിയിൽ ഒരു ഗൈനക്കോളജി ഓപ്പറേഷൻ തീയേറ്റർ പ്രവർത്തിക്കുന്നുണ്ട്. ഡയാലിസിസ് യൂണിറ്റ്, ഐ.സി.യു എന്നീ സംവിധാനങ്ങൾ നിലവിലില്ല. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ എത്ര ആംബുലൻസുകൾ ആശുപത്രിക്കായി സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | നിലവിൽ കുണ്ടറ താലൂക്കാശുപത്രിയ്ക്കായി ഒരു ആംബുലൻസാണ് സർവ്വീസ് നടത്തുന്നത്. |
| (ഇ) | കോവിഡ് രോഗികളെ ഐ.പി. ആയി ചികിൽസിക്കുന്നതിന് നിലവിൽ സംവിധാനങ്ങളുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | കോവിഡ് രോഗികളെ ഐ.പി ആയി ചികിത്സിക്കുന്നതിനുള്ള സംവിധാനം നിലവിൽ ടി ആശുപത്രിയിൽ ഇല്ല. എന്നാൽ കോവിഡ് രോഗികളെ നിരീക്ഷണത്തിലാക്കിയ ശേഷം തുടർ സേവനം ആവശ്യമായവരെ മറ്റ് ആശുപത്രികളിലേയ്ക്ക് മാറ്റുന്നു. |

സെക്ഷൻ ഓഫീസർ